ഓപ്പറേഷൻ ആഗ്, എറണാകുളം റൂറൽ ജില്ലയിൽ 28 ക്രിമനലുകൾ അറസ്റ്റിൽ ക്രമസമാധനചുമതലയുള്ള എഡിജിപി എം.ആർ. അജിത് കുമാറിന്റെ നിർദേശപ്രകാരം ഗുണ്ടകൾക്കെതിരെ നടക്കുന്ന നടപടിയാണ് ഓപ്പറേഷൻ ആഗ്. വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണ് അറസ്റ്റിലായവർ.റൂറൽ ജില്ലയിൽ ഏറ്റവും കൂടുതൽ ക്രിമിനലുകളെ അറസ്റ്റ് ചെയ്തത് ആലുവയിലാണ്, 5.നെടുമ്പാശേരി, വരാപ്പുഴ, പുത്തൻവേലിക്കര, പെരുമ്പാവൂർ, വാഴക്കുളം, കോതമംഗലം, മുളന്തുരുത്തി എന്നീ സ്റ്റേഷൻ രണ്ടുപേരെ വീതവും അസ്റ്റ് ചെയ്തു.അങ്കമാലി, ചെങ്ങമനാട്, പറവൂർ ,ഞാറക്കൽ, കുറുപ്പംപടി, തടിയിട്ട പറമ്പ് ,ഊന്നുകൽ, പുത്തൻകുരിശ്, ചോറ്റാനിക്കര എന്നിവിടങ്ങളിൽ ഒരാൾ വീതവും അറസ്റ്റിലായി. അഞ്ച് സബ് ഡിവിഷനുകളിലെ 34 സ്റ്റേഷൻ പരിധികളിലുംജില്ലാ പോലീസ് മേധാവി ഡോ വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ പ്രത്യേക പോലീസ് സംഘം പരിശോധന തുടരുകയാണ്. വരും ദിവസങ്ങളിൽ കൂടുതൽ അറസ്റ്റുകളുണ്ടാകും. ക്രിമനലുകൾക്കെതിരെ വിട്ടു വീഴ്ചയില്ലാത്ത നടപടികളുമായാണ് റൂറൽ ജില്ലാ പോലീസ് മുമ്പോട്ടു പോകുന്നത്.